"ഭരണഭാഷ-മാതൃഭാഷ"

आज़ादी का अमृत महोत्सव

**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - ജീവനക്കാര്യം - കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് - പാങ്ങോട് മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസിലെ പ്രിൻസിപ്പലായ (Rtd) ഡോ. നസീർ പി -യുടെ പേരിലുള്ള കെ.എസ്.ഐ.ഡി/എൽ.ഐ/10101050473 നമ്പർ എസ്.എൽ.ഐ പോളിസിയുടെ അർഹമായ ആനുകൂല്യം - സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് ചട്ടം 20.3 -ലും, 20.5 -ലും ഇളവ് നൽകി - അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ധനകാര്യ (എസ്റ്റാബ്ലിഷ്മെന്റ്-ഡി) വകുപ്പ്**

**സ.ഉ (സാധാ) നം. 6094/2025/ധന** **തീയതി, തിരുവനന്തപുരം, 21-07-2025**

പരാമർശം :- 1. എസ്.എൽ.ഐ ക്ലെയിം തീർപ്പാക്കിയതിലെ അപാകതകൾ പരിഹരിക്കണമെന്ന് ആവശ്യപ്പെട്ട് പ്രൊ (ഡോ) നസീർ പി 07/04/2025 തീയതിയിൽ സമർപ്പിച്ച അപേക്ഷ
2. ഇൻഷ്വറൻസ് ഡയറക്ടറുടെ 26/03/2025 തീയതിയിലെ കെ.എസ്.ഐ.ഡി/67/2025-എച്ച്.ക്യൂ -ജി.എസ് 5 നമ്പർ കത്ത്
3. 16.11.1988 -ലെ സ.ഉ (പി)നം.840/88/ധന ഉത്തരവ്.

**ഉത്തരവ്**

പാങ്ങോട് മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസിലെ പ്രിൻസിപ്പൽ(Rtd) പ്രൊ (ഡോ) നസീർ പി-യുടെ പേരിലുള്ള കെ.എസ്.ഐ.ഡി/എൽ.ഐ/10101050473 നമ്പർ എസ്.എൽ.ഐ പോളിസിയുടെ അർഹമായ ആനുകൂല്യം അനുവദിക്കണമെന്ന് പരാമർശം (1) പ്രകാരം ടിയാൾ അപേക്ഷ സമർപ്പിച്ചിരുന്നു. ഡോ. നസീർ. പി 24/09/2004 -ൽ മേൽ എസ്.എൽ.ഐ പോളിസി എടുക്കുകയും തുടർന്ന് 04/2005 മുതൽ അരിയർ പ്രീമിയവും തൻമാസ പ്രീമിയവും ആയി 06/2005 വരെ പ്രീമിയം കിഴിക്കൽ നടത്തിയിട്ടുണ്ടെന്നും തുടർന്ന് ടിയാൻ ഡെപ്യൂട്ടേഷനിൽ ആയിരുന്നതിനാൽ 07/2005 മുതൽ 05/2006 വരെയുള്ള (11 മാസം) ശമ്പളം ഒന്നിച്ച് 09/01/2006 -ൽ മാറിയതിൽ നിന്നുമാണ് പ്രീമിയം കിഴിക്കൽ നടത്തിയിരിക്കുന്നതെന്നും പ്രസ്തുത പോളിസി സർക്കാരിന്റെയോ വകുപ്പിന്റെയോ അനുമതിയോടുകൂടി പലിശ ഒടുക്കി പുനരുജ്ജീവിപ്പിക്കാതെ പ്രീമിയം മാത്രം ശമ്പളത്തിൽ നിന്നും കിഴിക്കൽ നടത്തിയതിനാലാണ് കാലഹരണപ്പെട്ടതെന്നും പരാമർശം (2) പ്രകാരം ഇൻഷ്വറൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരിക്കുന്നു. പരാമർശം (3) -ലെ ചട്ടം 20 (3) പ്രകാരം '6 ' മാസമോ അതിലധികം കാലമോ പ്രീമിയം മുടങ്ങിയാൽ പോളിസി കാലഹരണപ്പെടുകയും ചട്ടം 20 (5) പ്രകാരം പോളിസി തുടങ്ങി മുടക്കമില്ലാതെ '35' മാസമെങ്കിലും പോളിസിയടവ് നടത്താത്ത പോളിസികളിന്മേൽ യാതൊരുവിധ ക്ലെയിമിനും അർഹതയുണ്ടായിരിക്കില്ല എന്നും ടിയാന്റെ പോളിസിയുടെ കാലാവധി തീരുന്നതിന് മുൻപ് അവസരങ്ങൾ പലതും ഉണ്ടായിരുന്നിട്ടും തുടർനടപടികളൊന്നും സ്വീകരിക്കാതിരുന്നത് മൂലമാണ് ക്ലെയിം തുകയിൽ കുറവ് വരാനിടയായത് എന്നും തിരുവനന്തപുരം ജില്ലാ ഇൻഷ്വറൻസ് ഓഫീസർ ചട്ടം 20.3, 20.5 എന്നിവ പ്രകാരമാണ് ഈ ക്ലെയിം തീർപ്പാക്കിയിരിക്കുന്നതെന്നും ഇൻഷ്വറൻസ് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഡോ.നസീർ പി 24/09/2004 -ൽ കെ.എസ്.ഐ.ഡി/എൽ.ഐ/10101050473 നമ്പർ എസ്.എൽ.ഐ പോളിസി എടുക്കുകയും തുടർന്ന് 04/2005 മുതൽ അരിയർ പ്രീമിയവും തൻമാസ പ്രീമിയവും ആയി 06/2005 വരെ പ്രീമിയം കിഴിക്കൽ നടത്തിയിട്ടുള്ളതും തുടർന്ന് ടിയാൻ ഡെപ്യൂട്ടേഷനിൽ ആയിരുന്നതിനാൽ 07/2005 മുതൽ 05/2006 വരെയുള്ള (11 മാസം) ശമ്പളം ഒന്നിച്ച് 09/11/2006 -ൽ മാറിയതിനെ തുടർന്ന് ടി കാലയളവിലെ പ്രീമിയം 09/11/2006-ൽ ഒരുമിച്ച് ഒടുക്കു വരുത്തിയിട്ടുള്ളതുമാണ്. ടി സാഹചര്യത്തിലും പ്രസ്തുത കാലയളവിലൊഴികെ പ്രീമിയം ഒടുക്കുന്നതിൽ മുടക്കം വരുത്തിയിട്ടില്ലാത്തതിനാലും ഇതൊരു പ്രത്യേക കേസായി പരിഗണിച്ച് സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസിന്റെ 20.3, 20.5 എന്നീ ചട്ടങ്ങളിൽ ഇളവ് നൽകി മുടക്കം വരുത്തിയ തുകയുടെ 9%, പലിശ കുറവ് ചെയ്ത് പോളിസിയുടെ (കെ.എസ്.ഐ.ഡി/എൽ.

ഐ/1010050473) അർഹമായ ആനുകൂല്യം അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**എൽസി ജോർജ്ജ്**
**അണ്ടർ സെക്രട്ടറി (ധനകാര്യം)**

പകർപ്പ്:

അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്-II) കേരള, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഇൻഷുറൻസ് വകുപ്പ്, ട്രാൻസ് ടവേഴ്സ്, വഴുതക്കാട്, തിരുവനന്തപുരം
ജില്ലാ ഇൻഷുറൻസ് ഓഫീസർ , തിരുവനന്തപുരം (ഇൻഷുറൻസ് ഡയറക്ടർ മുഖേന).
ഡോ. നസീർ പി, പ്രിൻസിപ്പൽ (Rtd), മന്നാനിയ കോളേജ് ഓഫ് ആർട്സ് & സയൻസ്, പാങ്ങോട്
വെബ് & ന്യൂ മീഡിയ, പി. ആർ. ഡി.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ് ( www.finance.kerala.gov.in)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി ( ഇ. 3134829/എസ്റ്റാ-ഡി2/55/2025-ധന)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ